# Athmaraksha.org

നമ്മൾ ദൈവത്തിനു തിരിച്ചു നൽകേണ്ടത്?

## ഫ്രാൻസിസ് പാപ്പ കരുണയുടെ വെള്ളിയാഴ്ച നവജാത ശിശു പരിപാലന വിഭാഗം സന്ദർശിച്ചു



**ജീവന്റെ മഹത്വത്തെ ഉയർത്തി കാണിച്ചു ഫ്രാൻസിസ് പാപ്പ; കരുണയുടെ വെള്ളിയാഴ്ച നവജാത ശിശു പരിപാലന വിഭാഗം സന്ദർശിച്ചു.**

വത്തിക്കാൻ: ജീവന്റെ മഹത്വം മറ്റുള്ളവരിലേക്ക് കൂടി എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഫ്രാൻസിസ് പാപ്പ, കരുണയുടെ വെള്ളിയാഴ്ച നവജാത ശിശുക്കളെ പരിപാലിക്കുന്ന ആശുപത്രിയും അത്യാസന്ന നിലയിൽ കഴിയുന്ന രോഗികളുള്ള ശരണാലയവും സന്ദർശിച്ചു. നവജാത ശിശുക്കളെ പരിപാലിക്കുന്ന സാൻ ജിയോവാണി ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ ആണ് മാർപാപ്പ ആദ്യം സന്ദർശനം നടത്തിയത്. ആശുപത്രിയിലെത്തിയ പാപ്പ പ്രത്യേകം മാസ്കും, വസ്ത്രവും ധരിച്ചാണ് നവജാതശിശു വിഭാഗത്തിലേക്കു പ്രവേശിച്ചത്.

12 കുഞ്ഞുങ്ങളാണ് ഇവിടെയുണ്ടായിരുന്നത്. ഇതിൽ അഞ്ചു കുഞ്ഞുങ്ങൾ ഗുരുതരമായ ചില ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവരാണ്. ഓരോ കുഞ്ഞിന്റെയും അരികിലേക്ക് പാപ്പ കടന്നു ചെന്ന് അവരെ കുറിച്ച് അന്വേഷിച്ചു. ശുശ്രൂഷകരെയും കുട്ടികളുടെ മാതാപിതാക്കളേയും മാർപാപ്പ പ്രത്യേകം ആശീർവദിച്ചു. കുഞ്ഞുങ്ങളുടെ മാതാപിതാക്കൾക്കു തന്റെ പ്രാർത്ഥനയിലൂടെ പ്രത്യാശയും ആശ്വാസവും പകർന്നു നൽകാനും പരിശുദ്ധ പിതാവ് മറന്നില്ല.



കുട്ടികളെ സന്ദർശിച്ച ശേഷം ഗുരുതരാവസ്ഥയിൽ കഴിയുന്ന 30 രോഗികളെ താമസിപ്പിച്ചിരിക്കുന്ന 'വില്ലാ സ്പെറാൻസ' എന്ന ശരണാലയത്തിലേക്കാണ് പാപ്പ പോയത്. മരണശയ്യയിൽ കിടക്കുന്ന നിരവധി രോഗികൾ ഉള്ള വില്ലാ സ്പെറാൻസയിൽ ഓരോ വ്യക്തികളുടെയും അരികിൽ ചെന്ന് പാപ്പ അവരോട് അടുത്ത് ഇടപഴകി.

അന്തേവാസികളുടെ കുടുംബാംഗങ്ങളും ഇവിടെയുണ്ടായിരുന്നു. ജൂബിലി വർഷത്തിൽ പ്രഖ്യാപിച്ചിരിക്കുന്ന 'കരുണയുടെ വെള്ളിയാഴ്ച' ഇത്തരം രണ്ടു സ്ഥലങ്ങൾ സന്ദർശിക്കുവാൻ ഫ്രാൻസിസ് പാപ്പ തെരഞ്ഞെടുത്തത് ജീവന്റെ മഹത്വത്തെ കുറിച്ച് സന്ദേശം നൽകുന്നതിനു വേണ്ടിയാണെന്ന് വത്തിക്കാൻ പ്രതികരിച്ചു.

ഒരു സ്ഥലത്ത് ജീവൻ ലോകത്തിലേക്ക് കടന്നു വരുന്നു. മറ്റൊരു സ്ഥലത്ത് ഇഹലോകത്തിലെ പ്രയത്നങ്ങളെല്ലാം പൂർത്തിയാക്കിയ ശേഷം ജീവൻ അതിന്റെ സൃഷ്ടാവിലേക്ക് മടങ്ങുന്നു. പാപ്പയുടെ ഈ സന്ദർശനത്തിലൂടെ മനുഷ്യൻ എന്ന അവസ്ഥയുടെ ഈ രണ്ട് മാനത്തേയും, അവന്റെ ജീവന്റെ വിലയേയും, മഹത്വത്തേയും പിതാവ് പ്രത്യേകം എടുത്ത് പറയുകയാണെന്ന്! വത്തിക്കാൻ പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു.

കടപ്പാട് : pravachakasabdam.com